The Heavenly Light Ministry

വിശുദ്ധിയെ തികച്ചു നാം ഒരുങ്ങി നിൽക്ക
പ്രിയൻ വരവതിൽ താമസം ഏറെയില്ല
തന്റെ വാഗ്ദത്തങ്ങൾ പലതും
നിറവേറുന്നേ ഒരുങ്ങീടാം

യുദ്ധങ്ങൾ ക്ഷാമങ്ങൾ ഭൂകമ്പം പല
വ്യാധികളാൽ ജനം നശിച്ചീടുന്നു
രാജ്യം രാജ്യങ്ങളോടെതിർത്തു
തുടങ്ങിയല്ലോ ഒരുങ്ങീടാം

കൊട്ടാരങ്ങൾ തുടങ്ങി കൊട്ടിൽ വരെ ജനം
കണ്ണുനീർ താഴ്വരയിലല്ലയോ ഒരു
സ്വസ്ഥതയുമില്ല മനുഷ്യർക്കിഹേ ഒരുങ്ങീടാം

ആകാശത്തിൻ ശക്തി ഇളകുന്നതാൽ
ഭൂവിൽ എന്തു ഭവിക്കുമെന്നോർത്തു കൊണ്ട്
ജനം പേടിച്ചു നിർജ്ജീവരായിടുന്നേ ഒരുങ്ങീടാം

മേഘാരൂഢനായി വന്നീടുമേ പതിനായിരം
പേർകളിൽ സുന്ദരൻ താൻ തന്റെ
കോമള രൂപം കണ്ടാനന്ദിപ്പാൻ ഒരുങ്ങീടാം

മാലിന്യപ്പെട്ടിടാതോടീടുക മണവാളൻ
വരവേററം അടുത്തു പോയി മണിയറ
യിൽ പോയി നാം ആശ്വസിക്കാൻ ഒരുങ്ങീടാം.